നമ്പർ: സി.ബി. (1) 293/2010

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 15.03.2011

Email : keralarcs@coop.kerala.gov.in
Website: www.cooperation.kerala.gov.in
Tel.No. 0471-2330726

## സർക്കുലർ നമ്പർ - 25/2011

വിഷയം : സഹകരണ വകുപ്പ്- സഹകരണ നിക്ഷേപ സമാഹരണ യജ്ഞം 2011 ക്യാമ്പയിൻ-സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വീകരിയ്ക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന : 1) സഹകരണ സംഘം രജിസ്ട്രാറുടെ 23.02.2011 ലെ 18/2011-ാം നമ്പർ സർക്കുലർ

2) ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.03.2011 ൽ കൂടിയ സെൻട്രൽ ബാങ്ക്സ് കോൺഫറൻസ് തീരുമാനം.

3) 12.03.2011 ലെ ചീഫ് ഇലക്റ്ററൽ ആഫീസറുടെ 1008(412)/EL 4/2011/Elec. നമ്പർ കത്ത്.

.........................

32-ാം മത് സഹകരണ നിക്ഷേപ സമാഹരണ യജ്ഞം 2011 മാർച്ച് 1 മുതൽ മാർച്ച് 31 വരെ സംഘടിപ്പിക്കുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ സഹകരണ മേഖലയ്ക്ക് ശക്തമായ സാമ്പത്തിക അടിത്തറപാകുന്നതിൽ കഴിഞ്ഞ കാല നിക്ഷേപ സമാഹരണ യജ്ഞ ങ്ങൾ വഹിച്ചിട്ടുള്ള പങ്ക് കണക്കിലെടുത്തും നിക്ഷേപ സമാഹരണ ക്യാമ്പയിൻ കാലഘട്ടത്തിൽ ബാങ്കിംഗ് മേഖലയിലെ മറ്റ് ഇതരസ്ഥാപനങ്ങളുടെ പലിശ നിരക്കുകൂടി കണക്കിലെടുത്തും സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേ പങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്ക് പരിഷ്കരിക്കുന്നതിന് സൂചന പ്രകാരം കൂടിയ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളും/ബാങ്കുകളും സ്വീകരിക്കുന്ന സ്ഥിര നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശ നിരക്കുകൾ ശതമാനക്കണക്കിൽ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് നിർദ്ദേശം പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | | ജില്ലാ സഹകരണ ബാങ്കുകൾ | | പ്രാഥമിക വായ്പാ സഹ കരണ സംഘ ങ്ങൾ/ബാങ്കു കൾ, സർവ്വീസ് സഹകരണ ബാങ്കുകൾ | |
|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.00 | 6.50 | 5.25 | 6.75 | 5.50 | 7.00 |
| 2 | 46 ദിവസം മുതൽ90 ദിവസം വരെ | 5.50 | 8.00 | 5.75 | 8.25 | 6.00 | 8.50 |
| 3 | 91 ദിവസം മുതൽ 179 ദിവസംവരെ | 7.25 | 8.50 | 7.50 | 8.75 | 7.75 | 9.00 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 8.50 | 8.75 | 8.75 | 9.00 | 9.00 | 9.25 |
| 5 | 1 വർഷവും അതിനുമേലും | 9.50 | 9.50 | 9.75 | 9.75 | 10.00 | 10.00 |
| 6 | 3 വർഷവും അതിനുമുകളിലും കാലാവധിയുള്ള 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയുള്ള നിക്ഷേപം | 9.75 | 9.75 | 10.00 | 10.00 | 10.25 | 10.25 |
| 7 | 3 വർഷവും അതിനുമുകളിലും കാലാവധിയുള്ള 10 ലക്ഷം രൂപ യ്ക്കുമേലുള്ള നിക്ഷേപം. | 10.00 | 10.00 | 10.25 | 10.25 | 10.50 | 10.50 |

- മേൽ നിരക്കുകൾക്കു പുറമെ മുതിർന്ന പൗരൻമാരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് 1/2% നിരക്കിൽ അധിക പലിശ നൽകാവുന്നതാണ്.
- പ്രാഥമിക വായ്പാസഹകരണ സംഘങ്ങൾ/ബാങ്കുകൾ ജില്ലാ സഹകരണ ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ നൽകുന്ന നിരക്കിൽ പലിശ നൽകേണ്ടതാണ്.
- സ്ഥിര നിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചുനൽകുന്ന നിരക്കുകളിൽ അധികരിച്ച നിരക്കിൽ പലിശ നൽകുവാൻ പാടുള്ളതല്ല. സ്ഥിരനിക്ഷേപങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിശ്ചയിച്ചുനൽകുന്ന നിരക്കുകളിൽ അധീകരിച്ച നിരക്കിൽ പലിശ നൽകുകയാണെങ്കിൽ ടി സംഘങ്ങളുടെ/ബാങ്കുകളുടെ നിക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം റദ്ദുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഒപ്പ്,
റാണി ജോർജ്ജ്, ഐ.എ.എസ്,
സഹകരണ സംഘം രജിസ്ട്രാർ

1. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
2. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും,
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ )മാർക്കും
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും
5. ജോയിന്റ് ഡയറക്ടർ /സമകാലീന ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കുകൾ
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും, (ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും, (ജില്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) മുഖേന)
8. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)
9. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിണൽ ഓഫീസ്, തിരുവനന്തപുരം.
10. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
11. സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
12. സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.
13. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ആഫീസർമാർക്കും/ സെക്ഷൻ സൂപ്രണ്ടുമാർക്കും.
14. എഡിറ്റർ, സഹകരണ വീഥി 15.സ്റ്റോക്ക് ഫയൽ 16. സ്പെയർ

//ആജ്ഞാനുസരണം//

Syamala Kumari

അസിസ്റ്റന്റ് രജിസ്ട്രാർ (സി.എൽ.റ്റി സെക്ഷൻ).

എൻ.പി/